"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം വിരാലി വിമല ഹൃദയം എച്ച്. എസിലെ എച്ച്. എം. ആയിരുന്ന ശ്രീമതി അനിത കെ. ആർ. ഫയൽ ചെയ്ത റിട്ട് ഹർജി 47603/2025 നമ്പർ കേസിന്റെ 19.12.2025 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5219/2026/GEDN തീയതി,തിരുവനന്തപുരം, 01-08-2026

---

പരാമർശം:-

1. ശ്രീമതി. അനിത കെ ആർ സമർപ്പിച്ച 23.10.2025 ലെ ഹർജി (Ext.P10).
2. ശ്രീമതി. അനിത കെ ആർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 47603/2025 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 19/12/2025 ലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.03.2026 ലെ DGE/2395/2026-ET4 നമ്പർ കത്ത്.
4. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.03.2026 ലെ DEONTA/1051/2025-ബി2 നമ്പർ കത്ത്.
5. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 19.03.2026 ലെ ഡിഡിഇ/161/2026-B5 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ വിരാലി വിമല ഹൃദയം ഹൈസ്കൂളിൽ പ്രഥമാധ്യാപികയായിരുന്ന ശ്രീമതി അനിത കെ. ആർ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 47603/2025 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 19/12/2025 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരിയെയും മറ്റ് ബന്ധപ്പെട്ട കക്ഷികളേയും 19/03/2026 ന് കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയുടെ വാദങ്ങൾ:-**

അനിത കെ.ആർ. നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ എയ്ഡഡ് മേഖലയിൽ സ്ഥിതി ചെയ്യുന്ന ഉച്ചക്കട വിരാലി വിമല ഹൃദയ ഹൈസ്കൂളിൽ 31.05.2024 -ൽ പ്രഥമാധ്യാപിക തസ്തികയിൽ നിന്നും വിരമിച്ചു. വിരാലി വിമലഹൃദയ ഹൈസ്കൂളിൽ 01.06.2020-ൽ ഒഴിവ് വന്ന പ്രഥമാധ്യാപിക തസ്തികയിൽ സർവ്വീസ് സീനിയോറിട്ടി പ്രകാരം ഏറ്റവും സീനിയർ അധ്യാപികയായ എന്റെ സ്ഥാനക്കയറ്റത്തിനുള്ള അവകാശം മാനേജ്മെന്റ് നിഷേധിച്ചു. കെ.ഇ.ആർ ചാപ്റ്റർ XIVA ചട്ടം 13 ന് വിരുദ്ധമായി 2019 ഫെബ്രുവരി മാസം ഇന്റർമാനേജ്മെന്റ് മ്യൂച്ചൽ ട്രാൻസ്ഫർ വഴി നിയമനം ലഭിച്ച സിസ്റ്റർ ഷെർളി ഡബ്ല്യു-നെ മാനേജ്മെന്റ് ടീച്ചർ ഇൻ-

ചാർജ്ജായി നിയമിച്ചു. ചാർജ്ജ് അലവൻസ് ഒഴിവാക്കി നിയമനം അംഗീകരിച്ചു.

പ്രസ്തുത നിയമനത്തിന്റെ നിയമസാധുത ചോദ്യം ചെയ്തും, സ്ഥാനക്കയറ്റത്തിനുള്ള അവകാശം സ്ഥാപിച്ച് കിട്ടുന്നതിനും തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 21.07.2021 ൽ പരാതി സമർപ്പിച്ചു.

പ്രഥമാധ്യാപിക തസ്തികയിൽ സ്ഥാനക്കയറ്റത്തിനുള്ള അവകാശം 01.06.2020 മുതൽ നിലനിൽക്കുന്നതാണെന്നും നിലവിലുള്ള ചട്ടങ്ങൾക്കും, നിയമ ങ്ങൾക്കും വിധേയമായി പ്രഥമാധ്യാപിക തസ്തിക അടിയന്തിരമായി നിക ത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകിക്കൊണ്ടുള്ള ഉത്തരവ് നം. 35/13705/2021/DDIS dated 1/12/2021 ആയി പുറപ്പെട്ടുവിച്ചു. (P1)

തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിന്റെ നിയമസാധുത ചോദ്യം ചെയ്തുകൊണ്ട് സർക്കാരിനെയും, ഹർജിക്കാരിയെയും എതിർകക്ഷികളാക്കി മാനേജർ WP(C) No. 30465/2021 ആയി ബഹു.കേരളാ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. തുടർന്ന് WP(C) No. 40718/22 എന്ന ഹർജിയിലൂടെ ഹർജിക്കാരിയും കക്ഷി ചേർന്നു.

2024 ജനുവരി 25 ന് ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 01/06/2020 മുൻകാല പ്രാബല്യത്തോടെ പ്രഥമാധ്യാപിക തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട് എന്നും മൂന്ന് ആഴ്ചയ്ക്കകം നിയമന ഉത്തരവ് നൽകുവാൻ മാനേജർക്ക് നിർദ്ദേശം നൽകിക്കൊണ്ടും വിധിന്യായം പുറപ്പെട്ടുവിച്ചു. (P2)

നിശ്ചിത സമയത്തിനുള്ളിൽ മാനേജ്മെന്റ് വിധി നടപ്പാക്കാത്തതിനെ തുടർന്ന് ബഹു.ഹൈക്കോടതിയിൽ കോടതി അലക്ഷ്യ ഹർജി നം. CON CASE (C) No. 505/24 ആയി സമർപ്പിച്ചു. എന്നാൽ മാനേജ്മെന്റ് സിംഗിൾബഞ്ച് വിധിയ്ക്കെതിരെ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ ഹർജി നം. W.A.No. 289 of 24 ആയി ഫയൽ ചെയ്തു.

ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 29/2/2024 -ൽ മാനേജ്മെന്റിന്റെ അപ്പീൽ ഹർജി തള്ളിക്കൊണ്ട് സിംഗിൾ ബെഞ്ച് വിധി നടപ്പിലാക്കുവാനുള്ള ഡിക്ലറേറ്റീവ് ജഡ്ജ്മെന്റ് പുറപ്പെട്ടുവിച്ചു. WA No. 289 of 4/3/2024 -ൽ മാനേജ്മെന്റ് 1/6/2020 മുതൽ മുൻകാല പ്രാബല്യത്തോടെ പ്രഥമാധ്യാപിക തസ്തികയിൽ സ്ഥാനകയറ്റ ഉത്തരവ് നൽകുകയും പ്രസ്തുത വിവരം ബഹു.ഹൈക്കോടതിയെ അറിയിച്ചുകൊണ്ട് കോടതി അലക്ഷ്യ നടപടിയിൽ നിന്നും ഒഴിവായി.

01.06.2020 മുതൽ മുൻകാല പ്രാബല്യത്തോടെ 04/03/2024 ൽ പ്രഥമാധ്യാപിക തസ്തികയിൽ പ്രവേശിച്ചു.

നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ B2/713030/2024 dated 18/4/2024 നിയമന അംഗീകാര ഉത്തരവിൽ 01/6/2020 മുതൽ പ്രൊബേഷണറി പ്രഥമാധ്യാപികയായി സ്ഥാനക്കയറ്റം നൽകുകയും ശമ്പള ആനുകൂല്യം സേവനത്തിൽ പ്രവേശിച്ച തീയതി 04/03/2024

മുതൽ മാത്രം പരിമിതപ്പെടുത്തുകയും ചെയ്തു.

സാമ്പത്തിക ആനുകൂല്യത്തിന് മുൻകാലപ്രാബല്യം നിഷേധിച്ച നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നടപടി ബഹു.ഹൈക്കോടതി വിധികളുടെ നഗ്നമായ ലംഘനം ചൂണ്ടിക്കാട്ടി 19/04/2024 ൽ തന്നെ സർക്കാരിന് പരാതി സമർപ്പിച്ചു. (P6) 31.05.2024-ൽ ഹർജിക്കാരി സർവ്വീസിൽ നിന്നും വിരമിച്ചു.

പൊതുവിദ്യാഭ്യാസ സെക്രട്ടറി വിശദമായി പരിശോധിച്ച് പ്രഥമാധ്യാപിക തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹത ഉണ്ടായിരുന്നിട്ടും മാനേജർ അത് നിഷേധിച്ചതിനാലാണ് ബഹു.ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ 04/03/2024-ൽ മാത്രം സേവനത്തിൽ പ്രവേശിക്കേണ്ടി വന്നത് എന്നതിനാൽ 01.06.2020 മുതൽ തന്നെ പ്രഥമാധ്യാപിക എന്ന നിലയിലുള്ള എല്ലാ സേവനവേതന ആനുകൂല്യങ്ങളും അനുവദിച്ച് നൽകുവാനുള്ള നിർദ്ദേശമടങ്ങുന്ന കത്ത് A3/90/2024-G-EDN തീയതി 25.04.2025 ഡിപ്പാർട്ട്മെന്റ് അധികാരികൾക്ക് നൽകുകയുണ്ടായി.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/12482/2024 ET4 dated 07.05.2025 ഉത്തരവ് പ്രകാരം 01.06.2020 മുതൽ സാമ്പത്തിക ആനുകൂല്യം പുനഃസ്ഥാ പിച്ചുകൊണ്ട് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ DEO NTA/1051/2025 -B2 തീയതി 09/10/2025 ഉത്തരവ് നൽകി. തുടർന്ന് 1/6/2020 മുതൽ പ്രഥമാധ്യാപികയുടെ ശമ്പള പുനർനിർണ്ണയ ഉത്തരവും, വർദ്ധിച്ച പെൻഷൻ ആനുകൂല്യവും നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ നൽകുകയുണ്ടായി.

ദൗർഭാഗ്യകരമെന്നു പറയട്ടെ ടെർമിനൽ സറണ്ടർ ആനുകൂല്യം 1/6/2020 മുതൽ 31/05/2024 വരെയുള്ള കാലയളവിന് പകരം വിദ്യാഭ്യാസ വർഷം 01/06/2023 മുതൽ 31/05/2024 വരെ മാത്രം പരിമിതപ്പെടുത്തി കൊണ്ട് DEONTA/1051/2025 -B2 തീയതി 16/10/2025 ഉത്തരവ് നൽകുകയുണ്ടായി.

ടെർമിനൽ സറണ്ടർ ആനുകൂല്യം വെട്ടിക്കുറച്ച നടപടിക്കെതിരെ 23/10/2025-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് വീണ്ടും പരാതി നൽകുകയുണ്ടായി. പ്രസ്തുത പരാതി റിപ്പോർട്ടിനായി നം. A3/194/2025 G-EDN തീയതി 17/11/2025 മുഖാന്തിരം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകി.(P10)

വിവരാവകാശ നിയമപ്രകാരം ടെർമിനൽ സറണ്ടർ ആനുകൂല്യം വെട്ടിക്കുറക്കാനുള്ള കാരണം ആരാഞ്ഞപ്പോൾ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിച്ച മറുപടിയിൽ സേവനത്തിൽ പ്രവേശിച്ച 4/3/2024 ന് മുമ്പുള്ള അവധിക്കാലയളവിൽ ജോലി ചെയ്തിട്ടില്ല എന്ന് സൂചിപ്പിക്കുകയുണ്ടായി.

കോടതിവിധികളും, സർക്കാർ നിർദ്ദേശവും തുടർച്ചയായി ലംഘിക്കുന്ന ഡിപ്പാർട്ട്മെന്റിന്റെ നിലപാടിനെതിരെ ടെർമിനൽ സറണ്ടർ ആനുകൂല്യം സമ്പൂർണ്ണമായി പുനഃസ്ഥാപിച്ച് കിട്ടുന്നതിന് വീണ്ടും ബഹു.കേരള ഹൈക്കോ ടതിയിൽ WP(C) No. 47603 of 2025 ആയി വീണ്ടും റിട്ട് ഹർജി

സമർപ്പിച്ചു. ബഹു.കേരളഹൈക്കോടതി 19/12/2025 ൽ മൂന്ന് മാസത്തിനകം തീരുമാനം കൈക്കൊള്ളുവാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലാ ആഫീസർ 09.10.2025 ൽ പുറപ്പെടുവിച്ച DEONTA/1051/2025-B2 നമ്പറിലുള്ള നിയമനാംഗീകാര പുനർനിർണ്ണയ ഉത്തരവിനു വിരുദ്ധമായിട്ടാണ് 16.10.2025 ൽ ഇതേ നമ്പരിൽ പുറപ്പെടുവിച്ച ടെർമിനൽ സറണ്ടർ ആനുകൂല്യം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്. അർഹത ഉള്ള 132 ദിവസത്തിന് (01.06.2020 മുതൽ 31.03.2024 വരെ) പകരം 33 ദിവസം (01.06.2023 മുതൽ 31.05.2024 വരെ) മാത്രം പരിമിതപ്പെടുത്തിയിട്ടുള്ളത്. 9/10/2025 ലെ നിയമനാംഗീകാരം പുനർനിർണ്ണയ ഉത്തരവ് ബഹു.ഹൈക്കോടതി റിട്ട് ഹർജി 40718 of 2022, റിട്ട് അപ്പീൽ ഹർജി 289 of 2024,കോടതി അലക്ഷ്യ ഹർജി 505 of 2024 കളുടെ വിധിന്യായത്തിന്റെയും പൊതുവിദ്യാഭ്യാസ (എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശം അടങ്ങുന്ന 25.04.2025 ലെ A3/90/2024-GEDN കത്തിന്റെയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പ്രഥമ അധ്യാപിക തസ്തിക നോൺവെക്കേഷണൽ സ്റ്റാഫ് പാറ്റേണിൽപ്പെടുന്നതാണ്. 01.06.2020 മുതൽ പ്രഥമ അധ്യാപിക തസ്തികയിൽ സേവനവേതന പെൻഷൻ ആനുകൂല്യം ഒരു ജുഡീഷ്യൽ ഉത്തരവിലൂടെ സ്ഥാപിച്ചു. 31.05.2024 ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് ടെർമിനൽ സറണ്ടർ ലീവ് ആനുകൂല്യം വെക്കേഷൻ സ്റ്റാഫ് വിഭാഗത്തിലെ അധ്യാപിക തസ്തികയിൽപ്പെടുത്തി നിരസിച്ചു. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ വൈരുദ്ധ്യാത്മകമായ നടപടിക്രമത്തിന്റെ കാരണം വ്യക്തമല്ല. ഭരണഘടനാ കോടതിയായ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ് Settled position of Law ആയിട്ടാണ് ഭരണനിയമസംവിധാനം വിവക്ഷിക്കുന്നത്. ടെർമിനൽ സറണ്ടർ ലീവ് ആനുകൂല്യം പരിമിതപ്പെടുത്തിയത് വഴി സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിന്റെ ഭാഗമായ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ ജുഡീഷ്യൽ ഉത്തരവിനെ Over step/Over rule ചെയ്തതായി കാണാൻ കഴിയും. ഇത് കോടതി അലക്ഷ്യ നടപടിയുടെ ഭാഗമാണ്. ഇക്കാര്യം ഭരണപരമായ പരിശോധനയ്ക്ക് വിധേയമാക്കി ഉചിതമായ നടപടി കൈക്കൊള്ളേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ 16.10.2025 ൽ പുറപ്പെടുവിച്ച ടെർമിനൽ സറണ്ടർ ലീവ് ഉത്തരവ് റദ്ദാക്കി 01.06.2020 മുതൽ 31.05.2024 വരെ പ്രഥമ അധ്യാപിക തസ്തികയിൽ അർഹതപ്പെട്ട ടെർമിനൽ ലീവ് സറണ്ടർ ആനുകൂല്യം പുനഃസ്ഥാപിച്ചുകൊണ്ടുള്ള ഉത്തരവ് 09.10.2025ൽ DEO NTA/1051/2025 - B2 നിയമന അംഗീകാര ഉത്തരവിന് വിധേയമായി പുറപ്പെടുവിക്കുവാൻ അപേക്ഷിച്ചുകൊള്ളുന്നു.

3. <u>മാനേജരുടെ വാദങ്ങൾ:-</u>

ശ്രീമതി അനിത നല്കിയ റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതി ഇതുവരെ ഫയലിൽ സ്വീകരിക്കുകയോ എതിർ കക്ഷിക്ക് നോട്ടീസ് നല്കുകയോ ചെയ്തിട്ടില്ലാത്തതാകുന്നു. 30/08/2025 ലെ പ്രസ്തുത റിട്ടിൽ അനുബന്ധമായി ചേർത്തിരിക്കുന്ന P6 ലെ നിവേദനം സമയബന്ധിതമായി

താങ്കൾ കേൾക്കുന്നതിനും തീർപ്പാക്കുന്നതിനും മാത്രമാണ് ഉത്തരവായിട്ടുള്ളത്. കൂടാതെ, പ്രസ്തുത ഉത്തരവിൽ തന്നെ ഹർജികക്ഷിയെ മാത്രമേ കേൾക്കാൻ നിർദ്ദേശിക്കുന്നുള്ളൂ.

വിമലഹൃദയ സ്കൂൾ അഞ്ചാം പ്രതിയായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹിയറിങ് അതോറിറ്റിയിൽ നിന്നോ കോടതിയിൽ നിന്നോ ഒരു പകർപ്പും ഇന്നേവരെ ലഭ്യമാക്കിയിട്ടില്ല.

ഒരു വ്യക്തിയുടെ ഔദ്യോഗിക വിരമിക്കലിനുശേഷം അയാളുടെ പെൻഷനറി ആനുകൂല്യങ്ങളും സമ്പാദിച്ച സറണ്ടർ ലീവ് എന്ന പെൻഷനറി ആനുകൂല്യങ്ങളും സംബന്ധിച്ച് വകുപ്പുതല അധികാരികൾ ഏകപക്ഷീയമായി തീരുമാനിക്കാൻ പാടില്ലാത്തതാകുന്നു. എന്നിരുന്നാലും, 04/03/2024-ൽ ഹെഡ്മിസ്ട്രസ്സ് ആയി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി അനിത ടീച്ചർ ഹെഡ്മിസ്ട്രസ്സ് ആയി ചേർന്ന തീയതി മുതൽ സാധാരണയായി അനുവദിക്കാൻ കഴിയാത്ത മുൻകാല ആനുകൂല്യങ്ങൾ തേടുന്നു. 04.03.2024 മുതൽ 31.05.2024 വരെയുള്ള ചെറിയ കാലയളവിലാണ് ശ്രീമതി അനിത യഥാർത്ഥത്തിൽ ഹെഡ്മിസ്ട്രസ്സായി ജോലി ചെയ്തിട്ടുള്ളത്.

ബഹു. സുപ്രീം കോടതിയുടെ സമീപകാല വിധികളുടെ അടിസ്ഥാനത്തിൽ, വിരമിച്ച ജീവനക്കാർക്ക് സാധാരണയായി സൂപ്പർആന്യുവേഷനുശേഷം മുൻകാല പ്രമോഷനുകളോ അനുബന്ധ സാമ്പത്തിക ആനുകൂല്യങ്ങളോ അവകാശപ്പെടാൻ കഴിയില്ല. കാരണം പ്രൊമോഷണൽ തസ്തികയിലെ ചുമതലകൾ ഏറ്റെടുക്കുമ്പോൾ മാത്രമേ സ്ഥാനക്കയറ്റം പ്രാബല്യത്തിൽ വരികയുള്ളൂ. ഒഴിവ് സംഭവിക്കുന്ന തീയതിയിലോ ശുപാർശ തീയതിയിലോ അല്ല. ഒരു ജീവനക്കാരന് സാങ്കല്പിക ആനുകൂല്യങ്ങൾ നൽകുന്നതിനെതിരെ പശ്ചിമ ബംഗാൾ സംസ്ഥാനം സമർപ്പിച്ച അപ്പീലിന്റെ വാദം കേൾക്കുന്നതിനിടെ ഉണ്ടായ ഈ നിരീക്ഷണം അവഗണിക്കാവുന്നതല്ല. അദ്ദേഹത്തിന്റെ സൂപ്പർആന്യുവേഷനു ശേഷം മാത്രമേ ഇത് അംഗീകരിക്കപ്പെട്ടുള്ളൂ എന്നത് ശ്രദ്ധേയമാണ്.

അതിനാൽ, ശ്രീമതി അനിതയുടെ 40718/22 നമ്പർ റിട്ട് ഹർജിയിലെ പൊതുവിധി പ്രകാരം പരീക്ഷാ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം തേടുന്ന ഒരു അർത്ഥിക്ക് പൊതു വിധിയുണ്ട്. അതുപോലെ, ഒരു ന്യൂനപക്ഷ സ്ഥാപനത്തിൽ ആ ന്യൂനപക്ഷ സമുദായത്തിൽ നിന്ന് ഇഷ്ടമുള്ള ഒരാളെ നിയമിക്കാനുള്ള അവകാശം നിലനിൽക്കെ ന്യൂനപക്ഷ സ്ഥാപനമായ വിമലഹൃദയ ഹൈസ്കൂളിന്റെ കോർപ്പറേറ്റ് മാനേജർ എന്ന നിലയിൽ ഹർജിക്കാരൻ സമർപ്പിച്ച റിട്ട് ഹർജി നമ്പർ 30465/21 നെക്കുറിച്ച് തീർത്തും നിശബ്ദത പാലിക്കുന്നു.

ഇക്കാര്യത്തിൽ നെയ്യാറ്റിൻകര ഡി.ഇ.ഒ. (നാലാം പ്രതിയായി വന്നിരിക്കുന്നു) യുടെ 18/04/2024 -ലെ B2/ 7133030 നമ്പർ ഉത്തരവിൽ ശ്രീമതി അനിത ഹെഡ്മിസ്ട്രസ്സായി നിയമിക്കപ്പെട്ട 04/03/2024 തീയതി മുതൽ സാമ്പത്തിക ആനുകല്യങ്ങൾക്കുള്ള അവകാശത്തെക്കുറിച്ചുള്ള ആശയവിനിമയം സ്കൂളിലേക്കു നൽകിയിരുന്നു.

മുൻകാല പ്രാബല്യത്തോടെയുള്ള പ്രൊമോഷൻ നൽകുന്നതിന് ഡിപ്പാർട്ട്മെന്റൽ തീരുമാനമുണ്ടായത് നിയമവിരുദ്ധവും കോടതി വിധികൾ ലംഘിക്കുന്നതുമാണ്. കോടതിക്കു

മുമ്പാകെ എല്ലാ എതിരാളികളേയും കേട്ടതിനുശേഷം ഒരു വിധിന്യാ യത്തിലൂടെ മാത്രമേ ഇപ്രകാരം ചെയ്യാൻ കഴിയു. നിയമപ്രകാരം അത്തരമൊരു തീർപ്പാക്കിയ നിലപാടെടുക്കുവാൻ വിദ്യാഭ്യാസ വകുപ്പ് അധികാരികൾ ഉണ്ടാ ക്കിയ ഫിക്സേഷൻ ഉറന്നതോ ന്യായമോ ഇല്ലാത്തതും സ്വാഭാവിക നീതിയുടെ തത്വങ്ങൾ പാലിക്കാത്തതുമാണ്. സാമ്പത്തിക ആനുകൂല്യങ്ങളുടെ ഫിക്സേഷൻ വകുപ്പുതല ഭരണപരമായ തീരുമാനങ്ങളിലൂടെ കൈകാര്യം ചെയ്യാൻ കഴിയുന്ന വിഷയമല്ല. അതിന് കോടതി ഇടപെടൽ ആവശ്യപ്പെടുന്നു.

അപേക്ഷകയായ അനിതയെ പരിഗണിക്കാൻ മാത്രമാണ് നിർദ്ദേശം നൽകിയത്. യാതൊരുവിധ രേഖകളും നാളിതുവരെ നല്കാതെ സ്കൂളധികൃതരെ തീർത്തും ഇരുട്ടിൽ നിർത്തിക്കൊണ്ട് ഹിയറിങ്ങിനായി പങ്കെടുക്കാൻ ആവശ്യപ്പെടുന്നത് ക്രമവിരുദ്ധമാകയാൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.

3. <u>വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-</u>

കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 01/06/2020 മുതൽ ശ്രീമതി അനിത കെ ആർ -നെ പ്രബോഷണറി പ്രഥമഅധ്യാപികയായി സ്ഥാനക്കയറ്റം അംഗീകരിച്ചു നൽകുകയും, ശമ്പള അനുകൂല്യങ്ങൾ സേവനത്തിൽ പ്രവേശന തീയതിയായ 04/03/2024 മുതൽ മാത്രമേ അർഹതയുള്ളു എന്ന് ഉത്തരവായിരുന്നു. ഈ അധ്യാപികയുടെ 01/06/2020 മുതലുള്ള ഫിക്സേഷൻ, 02/08/2024 ഗ്രേഡ് എന്നിവ അനുവദിച്ചു നൽകിയിട്ടുമുണ്ട്. ആയതിനാൽ 01/06/2020 മുതലുള്ള ഫിക്സേഷനും, 02/08/2024 ഗ്രേഡും സാങ്കൽപ്പികമായി നല്കുകയും ചെയ്തിരുന്നു.

25/04/2025 ലെ സർക്കാർ കത്ത് എ3/90/2024/G.EDN ന്റെ അടിസ്ഥാനത്തിൽ 03/05/2025 -ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നമ്പർ/12842/2024-ET4 പ്രകാരം 01/06/2020 തന്നെ വിമല ഹൃദയ എച്ച്.എസ്-ലെ എച്ച്.എം. ആയ ശ്രീമതി അനിത.കെ.ആർ-ന് പ്രഥമാധ്യാപക തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരുന്നിട്ടും മാനേജർ അതു നിഷേധിച്ചതിനാലാണ് കോടതിവിധിയുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് 04/03/2024 ന് മാത്രം സേവനത്തിൽ പ്രവേശിക്കേണ്ടിവന്നത് എന്നതിനാൽ ടിയാൾക്ക് 01/06/2020 മുതൽ തന്നെ പ്രഥമാധ്യാപിക എന്ന നിലയിലുള്ള എല്ലാ സേവനവേതന ആനുകൂല്യങ്ങളും അനുവദിച്ചു നൽകുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം 09/10/2025-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം DEONTA/1051/2025-B2 അനുസരിച്ച് 01/06/2020 മുതൽ ആനുകൂല്യം അനുവദിച്ചു നൽകി.

04/03/2024 മുതൽ 31/05/2024 വരെയുള്ള കാലയളവിൽ ആണ് പ്രഥമദ്ധ്യാപികയായി സേവനം ചെയ്തിരുന്നത്. ആയതിനാൽ കെ.എസ്.ആർ. പ്രകാരം അധ്യയന വർഷം ആരംഭ ദിവസമായ 01/06/2023 മുതൽ വിരമിക്കുന്ന തീയതി 31/05/2024 വരെ 33 ദിവസത്തെ ആർജ്ജിതാവധി terminal surrender ആയി അനുവദിച്ചു നൽകിയിട്ടുണ്ട് എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

4. <u>മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ,</u>

<u>ലഭ്യമായ റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.</u>

തിരുവനന്തപുരം ജില്ലയിലെ വിരാലി വിമല ഹൃദയ ഹൈസ്കൂളിലെ എച്ച് എസ് ടി ആയിരുന്ന ശ്രീമതി കെ ആർ അനിത ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി (സി) നം.40718/2022 മേൽ ബഹു.കോടതി പുറപ്പെടുവിച്ച 25.01.2024 തീയതിയിലെ വിധിന്യായ പ്രകാരം ശ്രീമതി അനിത കെ ആർ ന് 01.06.2020 തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ പ്രഥമാധ്യാപികയായി നിയമനാംഗീകാരം നൽകാൻ ബഹു.കോടതി ഉത്തരവായതിൻ പ്രകാരം മാനേജർ സമർപ്പിച്ച നിയമന പ്രൊപ്പോസൽ പരിഗണിച്ച നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീമതി അനിത കെ ആർ ന്റെ നിയമനം 01.06.2020 തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ അംഗീകരിച്ച് നൽകി. എന്നാൽ ടിയാൾ പ്രഥമാധ്യാപക തസ്തികയിൽ 04.03.2024 ന് മാത്രമാണ് സേവനത്തിൽ പ്രവേശിച്ചത് എന്നതിനാൽ പ്രസ്തുത തീയതി മുതൽ മാത്രമേ ടിയാൾക്ക് ടി തസ്തികയിൽ എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുള്ളൂ എന്ന വ്യവസ്ഥയോടെ ആണ് ജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമാനാംഗീകാരം നൽകിയിരുന്നത്. ഇതിനെതിരെ ശ്രീമതി അനിത സമർപ്പിച്ച ഹർജി തീർപ്പാക്കിയ സർക്കാർ, ശ്രീമതി അനിത. കെ.ആർ ന് 01/06/2020 മുതൽ തന്നെ പ്രഥമാധ്യാപക തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരുന്നിട്ടും മാനേജർ അത് നിഷേധിച്ചതിനാലാണ് കോടതിവിധിയുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് 04/03/2024 ന് മാത്രം സേവനത്തിൽ പ്രവേശിക്കേണ്ടി വന്നത് എന്നതിനാൽ ടിയാൾക്ക് 01/06/2020 മുതൽ തന്നെ വിമല ഹൃദയ എച്ച്.എസ്-ലെ പ്രഥമാധ്യാപിക എന്ന നിലയിലുള്ള എല്ലാ സേവനവേതന ആനുകൂല്യങ്ങളും അനുവദിച്ച് നൽകുവാൻ 25.4.2025 ലെ A3/90/2024-G.EDN നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 09.10.2025 തീയതിയിലെ DEONTA/1051/2025-B2 നം. ഉത്തരവ് പ്രകാരം ശ്രീമതി അനിത.കെ.ആർ ന് 01/06/2020 മുതൽ തന്നെ പ്രഥമാധ്യാപക എന്ന നിലയിലുള്ള എല്ലാ സേവനവേതന ആനുകൂല്യങ്ങളും അനുവദിച്ച് നൽകിയിട്ടുണ്ട്.

5. ശ്രീമതി അനിത.കെ. ആർ ആർജിതാവധികളുടെ ടെർമിനൽ സറണ്ടർ ലഭ്യമാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ 01.06.2023 മുതൽ 31.05.2024 വരെയുള്ള കാലയളവ് കണക്കാക്കി 33 ദിവസത്തെ ആർജിതാവധികളുടെ ടെർമിനൽ സറണ്ടർ അനുവദിച്ചിട്ടുണ്ട്. 01/06/2020 മുതൽ തന്നെ വിമല ഹൃദയ എച്ച്.എസ്-ലെ പ്രഥമാധ്യാപിക എന്ന നിലയിലുള്ള എല്ലാ സേവനവേതന ആനുകൂല്യങ്ങളും അനുവദിച്ച് നൽകുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ 01/06/2020 മുതൽ 31.05.2024 വരെയുള്ള കാലയളവ് കണക്കാക്കി ആർജിതാവധികളുടെ ടെർമിനൽ സറണ്ടർ അനുവദിക്കണം എന്നതാണ് Ext. P10 ഹർജിയിലെ ആവശ്യം.

6. യഥാർത്ഥത്തിൽ ജോലിചെയ്ത കാലയളവാണ് ആർജിതാവധി കണക്കാക്കാൻ പരിഗണിക്കുന്നത്. ശ്രീമതി അനിത കെ ആർ പ്രഥമാധ്യാപികയായി 04/03/2024 ലാണ് സേവനത്തിൽ പ്രവേശിച്ചത്. കെ എസ് ആർ പാർട്ട് 1 ചട്ടം 81 നോട്ട് 4 പ്രകാരം 04/03/2024 ൽ വെക്കേഷൻ സ്റ്റാഫ് വിഭാഗത്തിൽ നിന്നും നോൺ വെക്കേഷൻ വിഭാഗത്തിലേക്ക് തീയതിയായ

മാറിയ ജീവനക്കാരന് ടി അദ്ധ്യയന വർഷം ആരംഭിക്കുന്ന തീയതിയായ 1.6.2023 മുതൽ ആർജിതാവധി അനുവദനീയമാണ്. അപ്രകാരം 01.06.2023 മുതൽ 31.05.2024 വരെയുള്ള കാലയളവ് ആർജിതാവധിക്കു പരിഗണിച്ചിട്ടുണ്ട്.

7. ശ്രീമതി. അനിത കെ. ആർ. -ന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ 01.06.2020 മുതൽ മുൻകാല പ്രാബല്യത്തിൽ എച്ച്.എം. തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചു എങ്കിലും എച്ച്.എം. തസ്തികയിൽ പ്രവേശിച്ച് ടി തസ്തികയുമായി ബന്ധപ്പെട്ട ജോലി നിർവഹിച്ച് തുടങ്ങിയ തീയതി മുതൽ മാത്രമേ ടിയാൾക്ക് ആർജിതാവധിയ്ക്ക് അർഹതയുള്ളൂ. കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 78 പ്രകാരം ഡ്യൂട്ടി ചെയ്ത ദിവസങ്ങൾക്ക് ആനുപാതികമായി മാത്രമേ ആർജ്ജിത അവധി അനുവദിക്കുവാനാകൂ. കെ എസ് ആർ പാർട്ട് 1 ചട്ടം 81 ന് ചുവടെയുള്ള നോട്ട് 4 പ്രകാരം ടിയാൾക്ക് അനുവദനീയമായ 01.06.2023 മുതൽ 31.05.2024 വരെയുള്ള കാലയളവ് ആർജിതാവധിക്കു പരിഗണിച്ചിട്ടുമുണ്ട്. അതിനാൽ , 01.06.2023 മുതൽ 12.05.2024 വരെയുള്ള കാലയളവിൽ ഹർജിക്കാരിക്ക് യഥാർത്ഥത്തിൽ ജോലി ചെയ്യാൻ സാധിക്കാത്തതിനാൽ, നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ആ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാൻ വ്യവസ്ഥയില്ലെന്നും, അതിനാൽ 01.06.2020 മുതൽ 31.05.2023 വരെയുള്ള കാലയളവ് കൂടി ആർജിത അവധിക്കായി കണക്കാക്കണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കാൻ നിർവാഹമില്ലെന്നും വ്യക്തമാക്കി Ext.P10 ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. ഇപ്രകാരം ശ്രീമതി. അനിത കെ ആർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 47603/2025 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 19/12/2025 ലെ വിധിന്യായം നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

ശ്രീമതി.അനിത കെ.ആർ., അനിത നിവാസ്, എയ്ത്തുകൊണ്ടാൻ കാണി അമരവിള
പി.ഒ. തിരുവനന്തപുരം, 695122.
കോർപ്പറേറ്റ് മാനേജർ, വിമലഹൃദയം ഹൈസ്കൂൾ, വിരാലി, ഉച്ചക്കട പി.ഒ. തിരുവനന്തപുരം-695506.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (കുറിപ്പ് നമ്പർ JA3/277/2026-G.EDN തീയതി 11.06.2026 പ്രകാരം)
ധനകാര്യ (എഡ്യൂക്കേഷൻ-എ) വകുപ്പ് (കുറിപ്പ് നമ്പർ 3549429/EDN-A2/197/2026-FIN തീയതി 23.07.2026 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ (എ3/194/2025-പൊ.വി.വ.).

ഉത്തരവിൻ പ്രകാരം

Digitally signed by
Aji Kumar R
Date: 03-08-2026
10:33:10

സെക്ഷൻ ഓഫീസർ